ശബരിമലയിലെ പ്രസാദങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ നടപടി

126(1576)ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് വിൽക്കുന്ന അട, അരവണ മുതലായ പ്രസാദങ്ങളുടെ ഗുണമേന്മ വളരെ കുറഞ്ഞുവരുന്നുണ്ടോ;

(ബി) ഭക്തജനങ്ങൾ വളരെ മഹത്വം ദർശിക്കുന്ന ശബരിമല അപ്പത്തിന്റെയും അരവണയുടേയും ഗുണമേന്മ കുറയാതിരിയ്ക്കുവാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ, ബി) ശബരിമലയിൽ അട പ്രസാദമായി വിതരണം ചെയ്യാറില്ല. അരവണ പ്രസാദം ഗുണമേന്മയുള്ളതാണ്.

ഇക്കഴിഞ്ഞ സീസണിൽ ചില സന്ദർഭങ്ങളിൽ വിതരണം ചെയ്ത അരവണ പ്രസാദത്തിന്റെ ഗുണമേന്മ കുറഞ്ഞതാണെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് അപ്പം, അരവണ തുടങ്ങിയ പ്രസാദങ്ങളുടെ ഗുണമേന്മ കുറയാതിരിക്കുവാൻ ബന്ധപ്പെട്ടവർക്കും ശബരിമല എക്സിക്യൂട്ടീവ് ഓഫീസർക്കും ബോർഡ് കർശന നിർദ്ദേശം നൽകുകയും തുടർന്ന് പ്രസാദത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്തതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II തിരുത്ത്

16-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 1022-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

9.30 A.M] തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2006 ഫെബ്രുവരി 16-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1022-ാം നമ്പർ ചോദ്യത്തിനു നൽകിയ മറുപടി കൂടുതൽ വിശദമാക്കാൻ ആഗ്രഹിക്കുന്നു. വിശദമായ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ.പി. രാജേന്ദ്രൻ തുടങ്ങിയവരൊക്കെ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് അത് സബ്മിഷനായിട്ട് എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly